# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1424 03/10/2016 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളിലെ (മൾട്ടി സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി ഉൾപ്പെടെ) ചികിത്സാ ചെലവുകൾ നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നിലവിൽ നിയമങ്ങളുണ്ടോ; | എ) യും ബി) യും | സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിൽ നിയമമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ബിൽ നിയമമാകുന്നതിനു മുമ്പ് 13-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. പുതുതായി അധികാരമേറ്റ സർക്കാർ പ്രസ്തുത നിയമം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016 ന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഇല്ലെങ്കിൽ നിയമം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ